ചെമ്മീൻ രോഗം മൂലമുണ്ടായ നഷ്ടം

62 [1655] ശ്രീ. കെ. കെ. അബ്ബു:
,, പി. വി. മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, ഇസ്ഹാക്ക് കുരിക്കൾ:
,, എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങളുണ്ട്;

(ബി) ചെമ്മീനു് രോഗം ബാധിച്ചതുമൂലം നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു തുകയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലയിൽ പതിനൊന്നു് ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങളുണ്ട്. അവ താഴെ പറയുന്നവയാണ്:

ഫാമിന്റെ പേരു്	ജില്ല	കൃഷി ചെയ്യുന്ന ഏജൻസി
(1) ആയിരംതെങ്ങു്	കൊല്ലം	അഡാക്കു്
(2) കടപ്പുറം	തൃശ്ശൂർ	,,
(3) പൊയ്യ	,,	,,
(4) ഞാറയ്ക്കൽ	എറണാകുളം	മത്സ്യഫെഡു്
(5) മാലിപ്പുറം	,,	,,
(6) പാലക്കരി	കോട്ടയം	,,
(7) ആറാട്ടുപുഴ	ആലപ്പുഴ	പാട്ടത്തിനു നലുകിവരുന്നു
(8) ഇടക്കൊച്ചി	എറണാകുളം	,,
(9) എരഞ്ഞോളി	കണ്ണൂർ	,,
(10) പാലയാടു്	,,	,,
(11) അണല്ലൂർ	,,	,,

(ബി, സി) നഷ്ടം കണക്കാക്കിവരുന്നു.

അഡാക്കു് ലോൺ

63 [1656] ശ്രീ. പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അഡാക്കു്' നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലോൺ നൽകിയിട്ടുണ്ടെന്നു് വെളിപ്പെടുത്തുമോ;

(ബി) ഇതിനു് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14 സ്വകാര്യ വ്യക്തികൾക്കും 57 വ്യക്തികൾ അടങ്ങിയ 13 ഗ്രൂപ്പുകൾക്കും.

(ബി) 2 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള ചെമ്മീൻ കൃഷി സ്ഥലത്തിന് മൊത്തം ചെലവിന്റെ 75 ശതമാനവും 2 ഹെക്ടറിനു മുകളിൽ 5 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്തിന് മൊത്തം ചെലവിന്റെ 70 ശതമാനവും വായ്പ നൽകുന്നു. വ്യക്തിക്കോ ഗ്രൂപ്പിനോ വ്യക്തി ഒന്നിന് പരമാവധി 5 ഹെക്ടർ സ്ഥലത്തിനു മാത്രമേ സാമ്പത്തിക സഹായം നൽകുന്നുള്ളൂ. മൊത്തം തുകയുടെ 20 ശതമാനം ആദ്യ ഗഡുവായി നല്കുകയും ശേഷിച്ച വായ്പാ തുക പണി നടത്തിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ ഗഡുക്കളായും നൽകുന്നു.

മത്സ്യബന്ധനത്തിന് നല്കുന്ന വലകൾ

64 [1657] ശ്രീ. കല്ലടി മുഹമ്മദ്:
,, കെ. കെ. അബു:
,, പി. വി. മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 മുതൽ നാളിതുവരെ ഓരോ കൊല്ലവും എത്ര മത്സ്യ തൊഴിലാളികൾക്ക് വീതം മത്സ്യബന്ധനത്തിന് വലകൾ നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ കൊല്ലവും ഇതിന് എന്ത് തുക ചെലവഴിച്ചു; ഇതിന് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

വർഷം	പ്രയോജനം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം
1990-91	1576
1991-92	2117
1992-93	7738
1993-94	1191
1994-95	2175
1995-96	2715
ആകെ	17512

LIBRARY ARCHIVES Kerala Legislative Assembly